പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1529 02.07.2015 ൽ മറുപടിയ്ക്ക്

# റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് കാരണമായ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) റബ്ബറിന്റെ വിലയിടിവാണ് സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം. |
| (ബി) പ്രശ്നങ്ങൾ എന്ത് കാരണംകൊണ്ടാണ് ഉണ്ടായത് എന്ന് വ്യക്തമാക്കാമോ ; | (ബി) (i) അന്താരാഷ്ട്ര വിപണിയിൽ ബ്ലോക്ക് റബ്ബറിന്റെ വിലയിടിവ്.<br>(ii) ചൈന, അമേരിക്ക, യൂറോപ്പ് എന്നീ രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യം മൂലം സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയിലുണ്ടായ കുറവ്.<br>(iii) വളരെ കുറഞ്ഞ അളവിൽ മാത്രമേ ചൈന, റബ്ബർ വാങ്ങുന്നുള്ളൂ.<br>(iv) സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്ര വിപണിയിലുള്ള വർദ്ധനവ്.<br>(v)തായിലന്റിൽ സംഭരണം നടപ്പാക്കിയതുമൂലം സ്റ്റോക്കിലുള്ള വർദ്ധനവ്.<br>(vi) എണ്ണ വിലയിലുണ്ടായ ഇടിവുമൂലം കൃത്രിമ റബ്ബർ വിലയിലുണ്ടായ ഇടിവ്.<br>(vii) 2015, 2016 വർഷങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ അധിക ലഭ്യതയെ സംബന്ധിച്ചുള്ള സൂചനകൾ |
| (സി) പ്രസ്തുത പ്രശ്നങ്ങൾക്ക് കാരണമായ കരാർ ഏതാണെന്ന് വ്യക്തമാക്കാമോ; | (സി) സ്വാഭാവിക റബ്ബറിന്റെ വിലയിടിവിനു കാരണം ആഗോള കരാറുകൾ മാത്രമാണെന്ന് പറയാൻ സാധിക്കില്ല. എങ്കിലും റബ്ബർ ഇറക്കുമതിക്ക് ഇൻഡോ-ആസിയാൻ കരാർ സഹായകരമായി എന്നത് ഒരു വസ്തുതയാണ്. |

| | |
|---|---|
| (ഡി) പ്രസ്തുത കരാർ ഏതു വർഷത്തിലാണ് നടപ്പിലായതെന്നും ഏത് കേന്ദ്ര സർക്കാരിന്റെ കാലത്താണ് ഇതിൽ ഒപ്പുവച്ചതെന്നും വ്യക്തമാക്കാമോ ? | (ഡി) 2009 ആഗസ്റ്റ് 13 നാണ് പ്രസ്തുത കരാർ ഒപ്പുവച്ചത്. 2010 ജനുവരി ഒന്നു മുതലാണ് ഇൻഡോ-ആസിയാൻ കരാർ പ്രാവർത്തികമായത്. 2009-ൽ നിലവിലുണ്ടായിരുന്ന കേന്ദ്രസർക്കാരിന്റെ കാലത്താണ് പ്രസ്തുത കരാർ ഒപ്പുവച്ചത്. |

സെക്ഷൻ ഓഫീസർ